# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3223 — 10/12/2018-ൽ മറുപടിയ്ക്ക്

### പറങ്കിമൂച്ചിക്കൽ, കരേക്കാട്, ചുന്നൂർ (പൊൻമള) എന്നീ ഗവ: എൽ.പി. സ്കൂളുകളുടെ അപേക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ സ്കൂളുകൾക്കായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കണമെന്ന അപേക്ഷയുമായി കോട്ടക്കൽ നിയോജക മണ്ഡലത്തിലെ പറങ്കിമൂച്ചിക്കൽ, കരേക്കാട്, ചുന്നൂർ (പൊൻമള) എന്നീ ഗവ. എൽ.പി. സ്കൂളുകളുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ ഡി.പി.ഐ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കുമോ; | (എ) & (ബി) & (സി) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ പറങ്കിമൂച്ചിക്കൽ ഗവ. എൽ.പി.സ്കൂളിന് 2018-19 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ നിന്നും 100 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. മറ്റ് സ്കൂളുകളുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (ബി) പ്രസ്തുത അപേക്ഷകളിന്മേൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ; | | |
| (സി) ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

Reena

സെക്ഷൻ ഓഫീസർ